# സെന്റ് തോമസ് വിഭാഗം



## അധ്യാപക സഹായി



# സെന്റ് തോമസ് വിഭാഗം

## അധ്യാപക സഹായി

### പൊതു നിർദ്ദേശങ്ങൾ

1. ഗ്രൂപ്പടിസ്ഥാനത്തിലാണ്, എല്ലാ പ്രവർത്തനങ്ങളും നടത്തേണ്ടത്.
2. ആരംഭം മുതൽ അവസാനം വരെ ഒരേ ഗ്രൂപ്പ് തന്നെ തുടരേണ്ടതാണ്.
3. ഓരോ ഗ്രൂപ്പിനും പേരും (കുടുംബപ്പേര്) ലീഡറും ഉണ്ടായിരിക്കണം.
4. അവസാന ദിവസം മികച്ച 'കുടുംബത്തെ' അനുമോദിക്കുന്ന ചടങ്ങുമുണ്ട്.
5. എല്ലാ പ്രവർത്തനങ്ങളും ചെയ്തുതീർക്കാൻ ശ്രമിക്കേണ്ടതില്ല. ചെയ്യുന്ന ഓരോ പ്രവർത്തനത്തിന്റെയും സന്ദേശം കൃത്യമായി കുട്ടികളിലെത്തി എന്നുറപ്പാക്കണം.
6. വർക്കു ബുക്കിൽ നിർദ്ദേശിക്കപ്പെട്ട സ്ഥലങ്ങളിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തണം.
7. രണ്ടാം ദിവസം മുതൽ 'കുടുംബ പത്രം' തയ്യാറാക്കണം. ആവശ്യമായ അധിക സമയം ക്രമീകരിക്കണം.
8. ഓരോ ഗ്രൂപ്പിലും 10, 11, 12 ക്ലാസ്സുകളിലെ കുട്ടികൾ ഉണ്ടായിരിക്കുന്നതാണ് ഉചിതം.
9. പാട്ടുകളുടെ അർത്ഥം ഗ്രഹിക്കത്തവിധം 'വിചിന്തനം' നടത്തേണ്ടതാണ്.
10. ഓരോ പ്രവർത്തനത്തിനുശേഷവും പ്രോത്സാഹനം നല്കണം. (ഉചിതമായ മാർഗ്ഗം സ്വീകരിക്കാം)

# ഗ്രൂപ്പ് തിരിക്കൽ

## സെറ്റ് – 1

മാമ്മോദീസ സ്ഥൈര്യലേപനം
വി. കുർബാന കുമ്പസാരം രോഗീലേപനം
വിവാഹം തിരുപ്പട്ടം

## സെറ്റ് 2 : മൗലികപുണ്യങ്ങൾ

വിനയം ഔദാര്യം ശുദ്ധത
ക്ഷമ മിതഭോജനം ഉപവി ഉത്സാഹം

## സെറ്റ് 3 : പരിശുദ്ധാത്മദാനങ്ങൾ

ജ്ഞാനം ബുദ്ധി ആലോചന ആത്മശക്തി
അറിവ് ഭക്തി ദൈവഭയം

## സെറ്റ് 4 : കാരുണ്യപ്രവൃത്തികൾ (ആത്മീയം)

അറിവില്ലാത്തവരെ പഠിപ്പിക്കുക
സംശയം തീർക്കുക
ദുഃഖിതരെ ആശ്വസിപ്പിക്കുക
തെറ്റു ചെയ്യുന്നവരെ തിരുത്തുക
ഉപദ്രവം ക്ഷമിക്കുക
അന്യരുടെ കുറവുകൾ സഹിക്കുക
ജീവിച്ചിരിക്കുന്നവർക്കും മരിച്ചവർക്കുംവേണ്ടി പ്രാർത്ഥിക്കുക

## സെറ്റ് 5 : കാരുണ്യപ്രവൃത്തികൾ (ശാരീരികം)

വിശക്കുന്നവർക്കു ഭക്ഷണം നൽകുക
ദാഹിക്കുന്നവർക്കു കുടിക്കാൻ കൊടുക്കുക
വസ്ത്രമില്ലാത്തവർക്കു വസ്ത്രം നൽകുക
പാർപ്പിടമില്ലാത്തവർക്കു പാർപ്പിടം നൽകുക
രോഗികളെയും തടവുകാരെയും സന്ദർശിക്കുക
അവശരെ സഹായിക്കുക
മരിച്ചവരെ അടക്കുക

## HB : 2

### സെറ്റ് 6 : ആഴ്ചയിലെ ദിവസങ്ങൾ

ഞായർ, തിങ്കൾ, ചൊവ്വ, ബുധൻ, വ്യാഴം, വെള്ളി, ശനി

### സെറ്റ് 7 : വി. പൗലോസിന്റെ കാതോലിക ലേഖനങ്ങൾ

യാക്കോബിന്റെ ലേഖനം, പത്രോസ് 1, 2 ലേഖനം, യോഹന്നാൻ 1, 2, 3 ലേഖനവുമാണ്.

### നിറങ്ങൾ 7, സപ്തസ്വരങ്ങൾ 7

* ക്ലാസിലെ കുട്ടികളുടെ എണ്ണത്തിനു തുല്യം കുറികളാണ് തയ്യാറാക്കേണ്ടത്.
* കുറികൾ ഓരോ സെറ്റ് മുഴുവനായി ക്രമത്തിൽ തയ്യാറാക്കണം.

- കുറികൾ മടക്കി ഓരോന്ന് ഓരോ കുട്ടിക്കു നൽകുക. കിട്ടുന്ന കുറികൾ ടീച്ചറുടെ നിർദ്ദേശം ലഭിച്ചശേഷം മാത്രമേ തുറക്കാവൂ എന്നു മുൻകൂർ നിർദ്ദേശം നൽകുക.
- വിസിൽ മുഴങ്ങുമ്പോൾ കുട്ടികൾ കുറി തുറന്നുവായിക്കുന്നു. തുടർന്ന് ഗ്രൂപ്പുകൾ രൂപീകരിക്കാൻ ശ്രമിക്കുന്നു.
- ഗ്രൂപ്പിലെ അംഗങ്ങളെയെല്ലാം കണ്ടെത്തി ആദ്യം പൂർണ്ണമാകുന്ന ഗ്രൂപ്പിന് ഒന്നിച്ച് ആരവം മുഴക്കി അതു മറ്റുള്ളവരെ അറിയിക്കാം. തുടർന്ന് പൂർത്തിയാകുന്ന ഓരോ ഗ്രൂപ്പും ഇതു ചെയ്യുന്നു.
- ഗ്രൂപ്പുകൾ രൂപീകരിക്കപ്പെട്ടു കഴിഞ്ഞാൽ കുട്ടികൾക്ക് വർക്കു ബുക്കുകൾ വിതരണം ചെയ്യണം.
- വർക്ക്ബുക്കിലെ നിർദ്ദേശം അനുസരിച്ച് കുട്ടികൾ പരസ്പരം പരിചയപ്പെടുന്നു.
- തുടർന്ന് ഫാമിലി ഫെസ്റ്റിനെ സംബന്ധിച്ച വർക്കുബുക്കിലെ നിർദ്ദേശങ്ങൾ ടീച്ചർ വിശദീകരിക്കണം.

## ഒന്നാം ദിവസം

### പ്രവർത്തനം - 1 ഉത്ഥാനോത്സവഗീതം

ഉത്ഥാനോത്സവഗീതം മനോഹരമായി ആലപിക്കാൻ ശീലിപ്പിക്കണം. വി. കുർബാനയ്ക്കുശേഷം എല്ലാവരും ഒരുമിച്ച് ഈ ഗീതം ആലപിക്കുന്നത് ഉചിതമാണ്.

### പ്രവർത്തനം - 2 അമ്മമനസ്സ്

ഒരു നല്ല കുടുംബത്തിന്റെ പ്രത്യേകതകൾ തിരിച്ചറിയാൻ ഉതകുന്ന ചോദ്യങ്ങൾ ഉണ്ടാവണം. കുടുംബത്തിലെ അദ്ധ്വാനം, പഠനം, രോഗം, പ്രാർത്ഥന, കൂട്ടായ്മ, അയൽപക്കബന്ധം, ആഘോഷങ്ങൾ തുടങ്ങിയവയൊക്കെ പരാമർശിക്കണം. ഓരോ ഗ്രൂപ്പിലും നിന്ന് ആരൊക്കെ ഏതൊക്കെ ചോദ്യങ്ങൾ ചോദിക്കും എന്ന് മുൻകൂട്ടി നിശ്ചയിക്കുന്നത് നന്നായിരിക്കും.

### പ്രവർത്തനം - 3 ദൈവമനസ്സിൽ

തോബിത്തിന്റെ കഥ നന്നായി പഠിച്ച് ടീച്ചർ ക്ലാസ്സിൽ അവതരിപ്പിക്കണം. ആ കുടുംബത്തിൽ ദൈവപരിപാലന എങ്ങനെ പ്രകടമായി എന്നു വ്യക്തമാക്കണം. ഒരു ഗ്രൂപ്പിൽ ഒരു ബൈബിളെങ്കിലും ലഭ്യമാക്കണം. നമ്മുടെ കുടുംബത്തിൽ ദൈവപരിപാലന എങ്ങനെയൊക്കെ ലഭിക്കുന്നുവെന്നും അതിനായി നമ്മൾ എങ്ങനെ വ്യാപരിക്കണമെന്നും വ്യക്തമാക്കപ്പെടണം.

*
*
*
*
*

### പ്രവർത്തനം - 4 കുടുംബം വിജയമാവാൻ

ഡിബേറ്റ് ഭംഗിയായി ക്രമീകരിക്കണം. വിഷയത്തിൽ നിന്ന് വഴിമാറിപ്പോകാൻ ഇടയാകരുത്. കുടുംബത്തിന്റെ ഗുണഗണങ്ങൾക്കാണ് നാം പ്രാധാന്യം നല്കുന്നത്.

* പരസ്പര സ്നേഹം, ബഹുമാനം

* ഒരുമിച്ച് പ്രാർത്ഥിക്കുക, ഒരുമിച്ച് ഭക്ഷണം കഴിക്കുക.
* പരസ്പരം പ്രോത്സാഹിപ്പിക്കുക, വളർത്തുക
* ദൈവത്തോട് ആലോചിക്കുക.

## പ്രവർത്തനം - 5 അന്താക്ഷരി

നല്ല കുടുംബത്തിന്റെ ചിന്തകൾ മനസ്സിൽ ഉണർത്തുക എന്നതാണ് പ്രവർത്തനോദ്ദേശ്യം.

ഒരു ടീം ഒരു പാട്ടിലെ നാലുവരി പാടിക്കഴിഞ്ഞാൽ അടുത്ത ടീം അവസാനവാക്കിന്റെ ആദ്യാക്ഷരം ചേർത്ത് അടുത്ത ഗാനം പാടണം. ഇനി അങ്ങനെ അക്ഷരത്തിൽ തുടങ്ങുന്ന ഗാനം കിട്ടിയില്ലെങ്കിൽ കുടുംബവുമായി ബന്ധപ്പെട്ട ഏതു ഗാനവും ഉൾപ്പെടുത്താവുന്നതാണ്.

* കുടുംബനാഥനുള്ള സ്ഥാനം
* പരസ്പര തുറവി
* ആശയ വിനിമയം
* ദൈവത്തിന് ഒന്നാം സ്ഥാനം
* ലാളിത്യം
* അയൽപക്ക ബന്ധം
* പരസഹായം

## പ്രവർത്തനം - 6 ഗൃഹപാഠം

കുടുംബത്തിലെ സ്നേഹാന്തരീക്ഷം വളർത്തുകയാണ് ഉദ്ദേശ്യം. പ്രായോഗിക കാര്യങ്ങൾ മാത്രം എഴുതിക്കുക. ചെയ്യുന്നു എന്നുറപ്പാക്കുക. പിറ്റേ ദിവസം ഓരോരുത്തരും നടപ്പാക്കിയവ ക്ലാസ്സിൽ ചോദിക്കുക.

## രണ്ടാം ദിവസം

## പ്രവർത്തനം - 1 / നല്ലമ്മയെ കേൾക്കാം

65 നു മുകളിൽ പ്രായമുള്ള ഒരു വല്ല്യമ്മച്ചിയെ ക്ലാസ്സിൽ എത്തിക്കാനുള്ള ക്രമീകരണം ചെയ്യണം. ചോദ്യങ്ങൾ കൃത്യമായി ചോദിക്കണം. മറുപടി എല്ലാവർക്കും കേൾക്കത്തക്കവിധം, അമ്മ കസേരയിലും കുട്ടികൾ ചുറ്റിലുമായി ഇരിക്കുന്ന രീതി സ്വീകരിക്കാവുന്നതാണ്. അമ്മയ്ക്ക് ഒരു ചെറിയ സമ്മാനം കൊടുക്കുന്ന

കാര്യം മറക്കരുത്. അനുഗ്രഹവും വാങ്ങാം. തിരിച്ചെത്തിക്കാനും വേണ്ട ക്രമീകരണങ്ങൾ ചെയ്യണം. പഴയകാല കുടുംബ നന്മകൾ വേണം രേഖപ്പെടുത്തലിൽ ഉണ്ടാകണം.

## പ്രവർത്തനം - 2 / കുടുംബ പത്രം

കുടുംബ പത്രത്തിൽ തലേ ദിവസത്തെ ഉത്ഥാനോത്സവ പ്രവർത്തനങ്ങളുടെ വാർത്തകൾ ഉൾപ്പെടുത്തണം. ഓരോ ഗ്രൂപ്പിന്റെയും സർഗ്ഗാത്മകത പ്രകടിപ്പിക്കുന്നതിനുള്ള ഒരു അവസരം കൂടിയാണ്. ആവശ്യമായ സാധനങ്ങൾ (ചാർട്ട്, സ്കെച്ച്, മാർക്കർ) കരുതണം. അധിക സമയം ആവശ്യമെങ്കിൽ കണ്ടെത്തണം. തലേ ദിവസത്തെ പ്രവർത്തനങ്ങളിലൂടെ കടന്നുപോവുകയാണ് ഉദ്ദേശ്യം.

## പ്രവർത്തനം - 3 / Involving Jesus

കുട്ടികളുടെ ഐ.റ്റി. സാങ്കേതിക വിജ്ഞാനം ഉപയോഗപ്പെടുത്താം. ഒരു ഗ്രൂപ്പിൽ ഒരു ക്യാമറാ ഫോൺ / ക്യാമറ മാത്രം കൊണ്ടുവന്നാൽ മതിയാവും. സമയ ക്ലിപ്തത പാലിക്കണം. ആക്ഷേപങ്ങൾ ഉണ്ടാവാൻ ഇട നല്കരുത്. ആവശ്യമെങ്കിൽ ഔട്ട്ഡോർ ക്രമീകരണങ്ങൾ ആവാം. നിരൂപണത്തിൽ ഈ ഷോർട്ട് ഫിലിമിലൂടെ ഞങ്ങൾ നല്കാനുദ്ദേശിച്ച സന്ദേശം എന്ത് എന്ന് വ്യക്തമാക്കണം.

## പ്രവർത്തനം - 4 / അടയാളങ്ങൾ

ഓരോ ഗ്രൂപ്പിനും ഒരു ചാർട്ടിന്റെ നാലിലൊന്ന് മതിയാവും. ലോഗോ നിർമ്മിക്കാൻ 15 മിനിറ്റ് സമയം. എല്ലാ കുട്ടികളും വർക്ക് ബുക്കിൽ അത് പകർത്തണം. ലോഗോയുടെ ആശയം ഒരു ഗ്രൂപ്പിൽ നിന്ന് ഒരാൾ രണ്ടോ മൂന്നോ വാചകത്തിൽ അവതരിപ്പിക്കണം.

## പ്രവർത്തനം - 5/ അവർ പറഞ്ഞു

നല്ല ചിന്തകൾ മനസ്സിൽ ഉറപ്പിക്കുകയാണ് ഉദ്ദേശ്യം. ഇഷ്ടപ്പെട്ടത് എടുത്തെഴുതുന്നു. അവ മനഃപ്പാഠമാക്കാൻ നിർദ്ദേശിക്കാം.

പ്രസംഗം ഒരുങ്ങാൻ 5 മിനിറ്റ് അവതരണം 3 മിനിറ്റ്. സമയത്തിന്റെ ലഭ്യതയനുസരിച്ച് ഈ പ്രവർത്തനം ചുരുക്കാവുന്നതാണ്.

### പ്രവർത്തനം - 6/ കുടുംബം

എല്ലാ ഗ്രൂപ്പും പാടി അവതരിപ്പിക്കണം. ആശയം മനസ്സിലുറപ്പിക്കുകയാണ് ലക്ഷ്യം. പാട്ട് അവസാനമായിത്തന്നെ പാടിക്കണമെന്നില്ല. പ്രവർത്തനം രണ്ടോ, മൂന്നോ ആയി വേണമെങ്കിൽ ക്രമീകരിക്കാം.

## മൂന്നാം ദിവസം

### പ്രവർത്തനം - 1 / കുടുംബപത്രം - 2

പത്ര പ്രകാശനം ചെയ്തുകൊണ്ട് തുടക്കം. രണ്ടാം ദിവസത്തെ പ്രവർത്തനങ്ങളുടെ വിശകലനം ലക്ഷ്യം.

### പ്രവർത്തനം - 2 / We not I

കുടുംബത്തിലെ ആശയ വിനിമയത്തിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തുകയാണ് ഉദ്ദേശ്യം. ആരോട്, എപ്പോൾ, എങ്ങനെ സംസാരിക്കണം എന്ന തിരിച്ചറിവ്. തുറന്നു പറയാനുള്ള സ്വാതന്ത്ര്യം, വിശ്വാസം, പ്രശ്നങ്ങൾ ഒരുമിച്ച് നിന്ന് പരിഹരിക്കാനുള്ള ശ്രമം.

### പ്രവർത്തനം - 3/ നമ്മൾ

കുടുംബത്തിലെ മൂല്യങ്ങൾ ആണ് വിഷയം. റോബോട്ടിക് ഡാൻസായി അവതരിപ്പിക്കാവുന്നത് - അപ്പൻ വരുമ്പോൾ എഴുന്നേല്ക്കുന്നു, ഒരുമിച്ച് പ്രാർത്ഥന, സ്തുതി ചൊല്ലുന്നു, പരസ്പര സഹായം, ഒരുമിച്ചിരുന്ന് കുശലം പറച്ചിൽ തുടങ്ങിയവ.. ഒരു ഗ്രൂപ്പിന് 3 മിനിറ്റ്

* സ്നേഹം
* വിശ്വാസം
* ആദരവ്
* ദൈവാശ്രയത്വം
* പരസ്പര സഹകരണം
* ക്ഷമ, ത്യാഗം, പങ്കുവയ്പ് തുടങ്ങിയവ...

## പ്രവർത്തനം - 4 / കുമാര കവിതകൾ

സമകാലീന കുടുംബത്തിന്റെ അവസ്ഥ ചെറുകവിതയായി, മികച്ച മാതൃകകളും ആവാം. സന്ദേശമാണ് പ്രധാനം.

## പ്രവർത്തനം - 5 / സമയം

സമയം വളരെ വിലപ്പെട്ടതാണ്. സമയം പാഴാക്കുന്നവൻ ആയുസ്സാണ് നഷ്ടപ്പെടുത്തുന്നത്. ജീവിതത്തിൽ എനിക്ക് പ്രധാനപ്പെട്ട പലതിനുംവേണ്ടി ഞാൻ നീക്കി വയ്ക്കുന്ന സമയം ആനുപാതികമായി കുറവാണ് എന്ന് തിരിച്ചറിഞ്ഞ് അത് പരിഹരിക്കണം. ആത്മ രക്ഷയ്ക്കായി, കുടുംബത്തിന് വേണ്ടി, ആരോഗ്യത്തിനായി മറ്റുള്ളവർക്ക് വേണ്ടി കൂടുതൽ സമയം കണ്ടെത്തേണ്ടിയിരിക്കുന്നു.

## പ്രവർത്തനം - 6 / ഒന്നിച്ചുനിന്നാൽ

ഒരുമയുടെ ശക്തി ബോധ്യപ്പെടാനുള്ള പ്രവർത്തനം. ഒരു കൈ കൊണ്ട് ചെയ്യാൻ പറ്റുന്ന കാര്യങ്ങളുടെ ഇരട്ടിയല്ല രണ്ടു കൈകൊണ്ട് ചെയ്യാൻ പറ്റുന്ന കാര്യങ്ങൾ. ഒരുപാടിരട്ടിയാണ്. കൂട്ടായ്മയാണ് നമ്മുടെ ബലം എന്ന ആശയം. ഗ്ലാസ്സ്, വെള്ളം, സ്ട്രോ എന്നിവ കരുതേണ്ടതുണ്ട്.

## പ്രവർത്തനം - 7 / നന്മ

എല്ലാ ഗ്രൂപ്പും ആലപിക്കണം - സന്ദേശത്തിനാണ് പ്രാധാന്യം. ഈ പ്രവർത്തനം അവസാനത്തേത് തന്നെയാകണമെന്നില്ല.

# നാലാം ദിവസം

## പ്രവർത്തനം - 1/ കുടുംബപത്രം - 3

ആരംഭത്തിൽ പത്ര പ്രകാശനം. മൂന്നാം ദിവസത്തെ പ്രവർത്തനങ്ങളുടെ വിശകലനമാണ് ഉദ്ദേശ്യം.

## പ്രവർത്തനം - 2/ സ്നേഹത്തിന്റെ സന്തോഷം

ഈ പ്രവർത്തനം വളരെ ഗൗരവമായി കാണണം. അനുബന്ധത്തിൽ കൊടുത്തിരിക്കുന്ന 'സ്നേഹത്തിന്റെ സന്തോഷം' 5-ാം

അധ്യായം നന്നായി പഠിച്ച് അഞ്ചാം ദിവസം രക്ഷിതാക്കൾക്കായി ക്ലാസ് എടുക്കുകയാണ്. പ്രധാനാശയങ്ങൾ, അവതരണരീതി കൃത്യമായി 'മൊഡ്യൂളിൽ' രേഖപ്പെടുത്തണ്.

അഞ്ചാം ദിവസത്തെ ഫാമിലി ഫെസ്റ്റിൽ രക്ഷിതാക്കളെകൂടി ഉൾപ്പെടുത്തുകയുമാവാം. ആവശ്യമായ അറിയിപ്പുകൾ നല്കണം.

## പ്രവർത്തനം - 3/ അമ്മയും നന്മയും

എനിക്ക് വേണ്ടി അദ്ധ്വാനിക്കുന്ന / എന്നെ സഹായിക്കുന്ന ഒരുപാട് പേരുണ്ട്, ഞാനറിയുന്നവരും അറിയാത്തവരും. അവരോടൊക്കെ ഞാൻ നന്ദിയുള്ളവനാകേണ്ടതാണ് എന്ന തിരിച്ചറിവിലേയ്ക്ക് നയിക്കുക. (മാതാപിതാക്കൾ, അധ്യാപകർ, വൈദികർ, ബന്ധുക്കൾ, സുഹൃത്തുക്കൾ, അയൽക്കാർ, ഉദ്യോഗസ്ഥർ, വീട്ടുജോലിക്കാർ, വിവിധ സേവനദാതാക്കൾ തുടങ്ങിയവ....)

## പ്രവർത്തനം - 4/ അനുരഞ്ജനം

അനുരഞ്ജന കൂദാശയുടെ പ്രസക്തി / സ്വാധീനം എന്നിവ വ്യക്തമാക്കപ്പെടണം. ഒരു ഗ്രൂപ്പിൽ നിന്ന് ഒരു ജോഡി അവതരിപ്പിച്ചാൽ മതിയാവും.

## പ്രവർത്തനം - 5/ കുടുംബ ജീവിതം

കുടുംബത്തിൽ അനുഷ്ഠിക്കേണ്ട ധർമ്മങ്ങൾ വളരെ സൂക്ഷ്മതലത്തിൽ വിചിന്തനം നടത്തുകയാണ് ഉദ്ദേശ്യം. ഗ്രൂപ്പിൽ ചർച്ച ചെയ്ത് 20 കാര്യങ്ങളും കണ്ടെത്തി എഴുതണം. അവയിൽ ഇതുവരെ ചെയ്യുന്നില്ലാതിരുന്ന രണ്ടോ മൂന്നോ കാര്യങ്ങൾ വേണം 'എന്റെ തീരുമാന' ത്തിൽ വരാൻ.

## പ്രവർത്തനം - 6 / വഴിവിളക്ക്

പാട്ട് ആസ്വദിച്ച് പാടുക. ഗ്രൂപ്പിന്റെ അവതരണം സന്ദേശത്തിന് പ്രാധാന്യം.

## അഞ്ചാം ദിവസം

### പ്രവർത്തനം - 1 കുടുംബപത്രം - 4

പത്ര പ്രകാശനം. 4-ാം ദിവസത്തെ പ്രവർത്തനങ്ങളുടെ വിലയിരുത്തലായിരിക്കണം വാർത്തകളിലൂടെ പ്രതിഫലിക്കേണ്ടത്. ഓരോ ഗ്രൂപ്പിന്റെയും നാലു പത്രങ്ങളുടെയും പ്രദർശനം ഇന്ന് സമാപനത്തിൽ നടത്തേണ്ടതാണ്.

### പ്രവർത്തനം - 2 / ആരു ഞാനാകണം

ഓരോ ഗ്രൂപ്പിൽ നിന്നും ഒരാൾ കവിത ചൊല്ലി അവതരിപ്പിക്കണം - ഏറ്റവും സ്വാധീനിച്ച വരികൾ ഏതൊക്കെ? എന്തുകൊണ്ട് തുടങ്ങി ആസ്വാദനത്തിന്റെയും വിചിന്തനത്തിന്റെയും തലത്തിലേയ്ക്ക് ചർച്ച വളരണം. സന്ദേശം മനസ്സിലുറപ്പിക്കുക പ്രധാനം.

### പ്രവർത്തനം - 3 / ഒരുമ

ഒരുമിച്ച് ഭക്ഷണം പാകം ചെയ്ത് കഴിക്കുന്ന പങ്കുവയ്പ്പിന്റെ, സ്നേഹത്തിന്റെ, കൂട്ടായ്മയുടെ നേരനുഭവം ഉറപ്പിക്കലാണ് ലക്ഷ്യം. അടുപ്പുകൂട്ടി പാചകം ആവശ്യമെങ്കിൽ ആവശ്യമായ മുന്നൊരുക്കങ്ങൾ ചെയ്യണം. ഓരോ ഗ്രൂപ്പും വേണം തയ്യാറാക്കാൻ. ഈ പ്രവർത്തനം മറക്കാനാവാത്ത ഒരനുഭവമാക്കി മാറ്റണം.

### പ്രവർത്തനം - 4/ ഒത്തുപിടിച്ചാൽ

മത്സരത്തിനുവേണ്ട വടം, സ്ഥലം തുടങ്ങിയവ ക്രമീകരിക്കണം. ഓരോ ടീമിലും തുല്യ എണ്ണം ആയിരിക്കാൻ ശ്രദ്ധിക്കണം. വിജയിക്കുന്ന ടീമിനുള്ള സമ്മാനവും കരുതണം. സന്ദേശം പ്രധാനം.

### പ്രവർത്തനം - 5 / സ്നേഹത്തിന്റെ സന്തോഷം

നിശ്ചയിച്ചിരിക്കുന്ന സമയത്ത് രക്ഷിതാക്കൾ എത്താൻ വേണ്ട ക്രമീകരണങ്ങൾ ചെയ്യണ്. ക്ലാസ് ആകർഷമാക്കാൻ ശ്രദ്ധിക്കണം.

## പ്രവർത്തനം - 6/ സന്തോഷം വളരാൻ

കുടുംബത്തിന്റെ കൂട്ടായ തീരുമാനം, ചെറിയ കാര്യങ്ങളെങ്കിലും നടപ്പാക്കുമെന്നുറപ്പുള്ളവ, കോളത്തിൽ എഴുതുക.

## പ്രവർത്തനം - 7/ നല്ല നാളേയ്ക്ക്

സമാപന സമ്മേളനം പൊതുവായോ, ഓരോ ക്ലാസ് അടിസ്ഥാനത്തിലോ സംഘടിപ്പിക്കാം. സംഘാടനം കുട്ടികൾ തന്നെ നിർവഹിക്കട്ടെ. അഞ്ചു ദിവസത്തെ പ്രവർത്തനങ്ങളിലൂടെ ലഭിച്ച ഉൾക്കാഴ്ചകളും എടുത്ത പുതിയ തീരുമാനങ്ങളും വേണം വിലയിരുത്തലുകളിൽ പ്രതിഫലിക്കാൻ.

**(വിലയിരുത്തൽ ഫോറം,**
**ഒരു പേപ്പറിൽ എഴുതി വാങ്ങണം)**